"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരഫെഡ് -തിരുവല്ല ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിൽ സ്കിൽഡ് ഗ്രേഡ്-I ആയ ശ്രീ.രാധാകൃഷ്ണകുമാർ.വി-യുടെ കേരഫെഡിലെ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്രസേവന വ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.898/2024/AGRI തീയതി,തിരുവനന്തപുരം, 25-09-2024

പരാമർശം:-

1. 15/09/2022-ലെ ലെ സ.ഉ. (സാധാ) നം.809/2022/AGRI
2. 11/10/2023-ലെ സ.ഉ. (സാധാ) നം.984/2023/AGRI
3. ശ്രീ.രാധാകൃഷ്ണകുമാർ.വി സമർപ്പിച്ച അപേക്ഷയും, തിരുവല്ല ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് യൂണിറ്റ് മേധാവിയിൽ നിന്നുള്ള 15/07/2024-ലെ 99/ജെ.എഫ്.ടി.സി.ഡി.ഇ.പി/673 നമ്പർ നിരാക്ഷേപ പത്രവും
4. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 18/08/2024-ലെ KFD/610/2024-ADM1/482 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവല്ല ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിൽ സ്കിൽഡ് ഗ്രേഡ് -1 ആയി സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ.രാധാകൃഷ്ണകുമാർ.വി-യെ പരാമർശം (1) ഉത്തരവ് പ്രകാരം, കേരഫെഡിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, പരാമർശം (2) പ്രകാരം ടിയാന്റെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നതുമാണ്.

നിലവിൽ ശ്രീ.രാധാകൃഷ്ണകുമാർ.വി-യുടെ അന്യത്ര സേവന കാലയളവ് 22/09/2024-ന് അവസാനിക്കുകയാണെന്നും, 30/07/2024-ൽ ചേർന്ന കേരഫെഡ് ഭരണ സമിതി യോഗം ശ്രീ.രാധാകൃഷ്ണകുമാർ.വി-യുടെ കേരഫെഡിലെ അന്യത്രസേവന കാലയളവ് ദീർഘിപ്പിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടെന്നും, കേരഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുള്ളതും, ടിയാന്റെ അന്യത്രസേവന കാലയളവ് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ശ്രീ. രാധാകൃഷ്ണകുമാർ.വി സമർപ്പിച്ച അപേക്ഷയും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രവും സഹിതം അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാധാകൃഷ്ണകുമാർ.വി സമർപ്പിച്ച അപേക്ഷയും തിരുവല്ല ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് യൂണിറ്റ് മേധാവിയിൽ നിന്നുള്ള നിരാക്ഷേപ പത്രവും, കേരഫെഡ് ഭരണ സമിതി യോഗത്തിന്റെ 30/07/2024-ലെ 18/33-ാം നമ്പർ തീരുമാനവും കണക്കിലെടുത്ത് ശ്രീ.രാധാകൃഷ്ണകുമാർ.വി-യുടെ കേരഫെഡിലെ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്ര സേവന വ്യവസ്ഥ പ്രകാരമുള്ള നിയമന

കാലാവധി 23/09/2024 മുതൽ ഒരു വർഷം വരെയോ, അല്ലെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ടി തസ്തികയിൽ നിയമനം നടത്തുന്നതുവരെയോ (ഏതാണോ ആദ്യം) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. മാനേജിങ് ഡയറക്ടർ, കേരഫെഡ്
2. ശ്രീ.രാധാകൃഷ്ണകുമാർ.വി അസിസ്റ്റന്റ്, കേരഫെഡ് ( മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
3. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ( മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
4. യൂണിറ്റ് മേധാവി, തിരുവല്ല ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, പത്തനംതിട്ട-689103
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള
7. വെബ് & ന്യൂ മീഡിയ ഐ & പി.ആർ വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Premchand C P
Date: 25-09-2024 14:57:29

സെക്ഷൻ ഓഫീസർ

പകർപ്പ് : കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്